# കേരള സർവകലാശാല

നം.പി.ആർ.16/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### ടൈംടേബിൾ

2020 ജനുവരി 29 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ, ഫെബ്രുവരി 10 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ എം.സി.എ (2015 സ്കീം) റെഗുലർ ആന്റ് സപ്ലിമെന്ററി പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

2020 ജനുവരി 27 ന് ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ് – ബി.എ മ്യൂസിക് (എഫ്.ഡി.പി) (റെഗുലർ 2017 അഡ്മിഷൻ, സപ്ലിമെന്ററി 2014, 2015, 2016 അഡ്മിഷനുകൾ) പ്രാക്ടിക്കൽ പരീക്ഷയ്ക്കുള്ള ടൈംടേബിൾ പ്രസിദ്ധീകരിച്ചു. മ്യൂസിക് ഓപ്പൺ കോഴ്സായി തെരഞ്ഞെടുത്ത ബി.എ/ബി.എസ്.സി/ബി.കോം വിദ്യാർത്ഥികളുടെ മ്യൂസിക് പ്രാക്ടിക്കൽ പരീക്ഷ എൻ.എസ്.എസ് കോളേജ് ഫോർ വിമൻ, നീറമൺകര, ഗവ.കോളേജ് ഫോർ വിമൻ, തിരുവനന്തപുരം, എസ്.എൻ കോളേജ്, കൊല്ലം എന്നീ പരീക്ഷാകേന്ദ്രങ്ങളിൽ യഥാക്രമം 2020 ജനുവരി 31, ഫെബ്രുവരി 5, 11 എന്നീ തീയതികളിൽ രാവിലെ 9.30 മുതൽ നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

### വൈവ പരീക്ഷ

വിദൂരവിദ്യാഭ്യാസവിഭാഗം ജനുവരി 27 ന് കാര്യവട്ടത്ത് നടത്തുന്ന എം.എ മലയാളം വൈവ പരീക്ഷ മാറ്റമില്ലാതെ നടക്കുന്നതാണ്. വിദ്യാർത്ഥികൾ ഹാൾടിക്കറ്റും ഡിസർട്ടേഷനുമായി രാവിലെ 10 മണിക്ക് വിദൂരവിദ്യാഭ്യാസവിഭാഗത്തിൽ ഹാജരാകേണ്ടതാണ്.

### പരീക്ഷാകേന്ദ്രം

ജനുവരി 28 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ ബി.കോം ഡിഗ്രി (എസ്.ഡി.ഇ) പരീക്ഷയുടെ പരീക്ഷാകേന്ദ്രങ്ങളിലുള്ള മാറ്റം സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

### പരീക്ഷാഫീസ്

2020 ഫെബ്രുവരി 24 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി (ത്രിവത്സരം) പരീക്ഷകൾക്ക് 2020 ജനുവരി 27 മുതൽ ഓൺലൈനായി അപേക്ഷിക്കാം. പിഴകൂടാതെ 2020 ഫെബ്രുവരി 4 വരെയും 150 രൂപ പിഴയോടെ ഫെബ്രുവരി 7 വരെയും 400 രൂപ പിഴയോടെ ഫെബ്രുവരി 10 വരെയും അപേക്ഷിക്കാം.

മൂന്നാം സെമസ്റ്റർ ബി.ടെക് ഡിഗ്രി (2008 സ്കീം) ഫൈനൽ മേഴ്സിചാൻസ് (2007 അഡ്മിഷൻ വരെ) പരീക്ഷയ്ക്ക് രജിസ്ട്രേഷൻ ആരംഭിച്ചു. പിഴ കൂടാതെ 2020 ജനുവരി 28 വരെയും 150 രൂപ പിഴയോടെ ജനുവരി 29 വരെയും 400 രൂപ പിഴയോടെ ജനുവരി 30 വരെയും ഓഫ്ലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

അഞ്ചാം സെമസ്റ്റർ ബി.ടെക് (2008 സ്കീം) ഫൈനൽ മേഴ്സിചാൻസ് (2007 അഡ്മിഷൻ വരെ) പരീക്ഷയ്ക്ക് രജിസ്ട്രേഷൻ ആരംഭിച്ചു. പിഴ കൂടാതെ 2020 ജനുവരി 29 വരെയും 150 രൂപ പിഴയോടെ ഫെബ്രുവരി 1 വരെയും 400 രൂപ പിഴയോടെ ഫെബ്രുവരി 4 വരെയും ഓഫ്ലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.



പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം.
22.01.2020

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098